ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

dtekerala@gmail.com
0471 2561307

**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം – ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ശ്രീ അനിൽ പി, സീനിയർ സൂപ്രണ്ട് - വേലവിലക്ക് (Suspension) കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**ജീവനക്കാര്യം ( ഡി) വിഭാഗം**

**നം.**DTETVM/3119/2026-ED1 **തീയതി: 16-10-2026**

---

വായന:-
1) 19.04.2026 തീയതിയിലെ ഗാന്ധി നഗർ പോലീസ് സ്റ്റേഷൻ ഹൌസ് ഓഫീസറുടെ 250/TDR/2026GNR PS നമ്പർ കത്ത്.
2) 22.04.2026 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്
3) 15.10.2026 ലെ ഈ കാര്യാലയത്തിലെ വിജിലൻസ് കമ്മറ്റി റിവ്യൂ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

പുറപ്പുഴ സർക്കാർ പോളിടെക്നിക് കോളേജിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനത്തിലിരിക്കെ ശ്രീ അനിൽ പി (പെൻ-197252), പെൺകുട്ടിക്കെതിരെ ലൈംഗികാതിക്രമം നടത്തിയതയുമായി ബന്ധപ്പെട്ട് തടങ്കലിലായതായി വായന (1) പ്രകാരം ഗാന്ധി നഗർ പോലീസ് സ്റ്റേഷൻ ഹൌസ് ഓഫീസർ റിപ്പോർട്ട് ചെയ്യുകയും, ആയതിന്റെ അടിസ്ഥാനത്തിൽ, 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ ഭാഗം IV, ചട്ടം 10 പ്രകാരം, വകുപ്പുതല അന്വേഷണ നടപടികൾക്ക് വിധേയമായി ടിയാനെ തടങ്കലിലായ 17.04.2026 മുതൽ പ്രാബല്യത്തിൽ സർവീസിൽ നിന്നും വേലവിലക്കി (Suspension) ഉത്തരവാകുകയും ചെയ്തിരുന്നു.

ടി വിഷയത്തിൽ ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 526/2026 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ചാർജ്ജ് ഷീറ്റ് നൽകുകയും ചെയ്ത സാഹചര്യത്തിൽ വായന (3) പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ അനിൽ പി- യുടെ വേലവിലക്ക് (സസ്പെൻഷൻ) കാലാവധി 17.10.2026 മുതൽ ആറുമാസത്തെ കാലയളവിലേക്ക് കൂടി ദീർഘിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഭാഗം 1, കേരള സർവ്വീസ് ചട്ടങ്ങൾ 55 പ്രകാരം വേലവിലക്ക് കാലയളവിൽ അനുവദനീയമായ ഉപജീവനബത്തയ്ക്ക് (Subsistence Allowance) ടിയാന് അർഹത ഉണ്ടായിരിക്കുന്നതാണ്.

Dr JAYAPRAKASH P
DIRECTOR

സ്വീകർത്താവ്,

1) പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക് കോളേജ്, പുറപ്പുഴ (ഡിടിഇ വെബ്സൈറ്റ് വഴി)

2) അനിൽ. പി, സീനിയർ സൂപ്രണ്ട് (Under Suspension) (സ്ഥാപന മേധാവി മുഖേന)

3) അക്കൗണ്ടന്റ് ജനറൽ, അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയം, തിരുവനന്തപുരം

4) ഇ - ഓഫീസ് കരുതൽ സഞ്ചയം

Digitally signed by
Jayaprakash P
Date: 16-10-2026
18:08:27